ശ്രീ. എ. ജെ. ജാൺ : ചില വ്യവസ്ഥകൾക്ക് വിധേയമായി അനുവാദം, ആർക്കും കൊടുക്കുന്നുണ്ട്. ആ വ്യവസ്ഥകൾ പാലിക്കണമെന്നേയുള്ളൂ.

ശ്രീ. വി. ശ്രീധരൻ : കഴിഞ്ഞ പത്താംതീയതി പാലസ് കണ്ടിജൻസി ജീവനക്കാർക്ക് ഒരു ജാഥ നടത്തുന്നതിന് അനുവാദം കൊടുത്തിട്ടില്ല എന്ന് അറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അപേക്ഷിക്കുന്ന മിക്കവാറും എല്ലാപേർക്കും തന്നെ അനുവാദം കൊടുക്കുന്നുണ്ട്. അവർ താമസിച്ച് അപേക്ഷിച്ചതുകൊണ്ടോ അനുവാദം കൊടുക്കാനുള്ള ആൾ ഇല്ലാതെയിരുന്നതുകൊണ്ടോ മറ്റോ ആയിരിക്കാം അവർക്ക് അനുവാദം കിട്ടാത്തത്.

ശ്രീ. പി. ആർ. മാധവൻ പിള്ള : ജനക്ഷേമത്തിന്റെ പേരിൽ തന്നെ ഈ നിരോധനം പിൻവലിക്കാമോ ?

ശ്രീ. എ. ജെ. ജാൺ : തൽക്കാലം സാധ്യമല്ല.

ശ്രീ. കെ. സി. ജോർജ് : അനുവാദം ലഭിക്കാൻ എത്ര ദിവസത്തിനു മുമ്പ് അപേക്ഷിക്കണം ?

ശ്രീ. എ. ജെ. ജാൺ : അങ്ങിനെ കൃത്യമായ ഒരു ദിവസം ഇല്ല.

ശ്രീ. കെ. സി. ജോർജ് : ഇന്നത്തെ ജാഥയ്ക്കു അനുവാദം കൊടുത്തിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഉണ്ട്.

ശ്രീ. ടി. കെ. കുഞ്ചുവൻ : ജാഥ നിരോധിക്കുന്നതുകൊണ്ട് ആർക്കെങ്കിലും അപകടം ഉണ്ടായിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അങ്ങിനെ ഉണ്ടാകാതെയിരിക്കാനാണ് നിരോധനം ഉള്ളത്.

ശ്രീ. പി. ആർ. മാധവൻ പിള്ള : വാഹനഗതാഗതവും ജനസഞ്ചാരവും വളരെ കൂടുതലുള്ള മറ്റു നഗരങ്ങളിലും ഈ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : തിരുവനന്തപുരം സിറ്റിയെപ്പോലെ കൂടുതൽ ഗതാഗതമുള്ള സ്ഥലങ്ങൾ നമ്മുടെ രാജ്യത്ത് കുറവാണ്.

കണ്ടിൻജൻസി ജീവനക്കാർ.

* 648. [8] ശ്രീ. വി. ശ്രീധരൻ : തന്നെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ടിൻജൻസി ജീവനക്കാരെ സ്ഥിരം സർവീസിൽ എടുക്കുന്നതു സംബന്ധിച്ചു ഗവണ്മെന്റ് ഇതിനകം വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു് എന്താണെന്നു വെളിപ്പെടുത്തുമോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഈ കാര്യം ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണു്.

(ബി. സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി. ശ്രീധരൻ: ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടു് എത്ര നാളായെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: കൃത്യമായി പറയുവാൻ സാധ്യമല്ല. കുറെ നാളായി.

ശ്രീ. വി. ശ്രീധരൻ: ഈ പ്രശ്നം സംബന്ധിച്ചു് അഷ്വറൻസു് കമ്മിറ്റി രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഉണ്ടു്.

ശ്രീ. വി. ശ്രീധരൻ: ഇവരെ സ്ഥിരം സർവീസിൽ എടുക്കുന്നതു സംബന്ധിച്ചുള്ള ഗവണ്മെൻറിൻെറ അഭിപ്രായം, ഒരു തീരുമാനം എന്നുള്ള നിലയിൽ പുറത്തു വരുവാൻ എത്ര സമയം വേണ്ടിവരും?

ശ്രീ. എ. ജെ. ജാൺ: കഴിയുന്നതും വേഗം തീരുമാനം എടുക്കും.

കുത്തകപ്പാട്ടം.

* 649. [9] ശ്രീ. സി. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്തു ഇപ്പോൾ കുത്തകപ്പാട്ടവ്യവസ്ഥയിൽ എത്ര ഏക്കർ സ്ഥലം കൃഷിക്കു് നൽകിയിട്ടുണ്ടു്;

(ബി) കുത്തകപ്പാട്ടഭൂമി കൃഷിക്കാർക്കു് പതിച്ചുകൊടുക്കുന്നകാര്യത്തിൽ ഗവണ്മെൻറു് എന്തു നയമാണംഗീകരിച്ചിട്ടുള്ളതു്;

(സി) കുത്തകപ്പാട്ടഭൂമികൾക്കു് വസൂലാക്കിക്കൊണ്ടിരിക്കുന്ന പാട്ടനിരക്കെത്ര; ഏതെല്ലാം പ്രദേശങ്ങളിൽ കുത്തകപ്പാട്ടസ്ഥലം ലേലം ചെയ്തുകൊടുത്തിട്ടുണ്ടു്;

(ഡി) കാർഷികോൽപ്പന്നങ്ങളുടെ സാരമായ വിലയിടിവിനെ പരിഗണിച്ചു് കുത്തകപ്പാട്ടസ്ഥലങ്ങളുടെ പാട്ടനിരക്കു് കുറയ്ക്കുവാൻ ഉടനടി വേണ്ട നടപടി നടത്തുമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) 45,296 ഏക്കർ 43.720 സെൻറു്.

(ബി) ഭൂമി പതിച്ചുകൊടുക്കുന്ന നടപടി ഇപ്പോൾ നിറുത്തിവച്ചിരിക്കുകയാണു്.

(സി) കുത്തകപ്പാട്ട ചട്ടങ്ങൾപ്രകാരം ലേലം കൂടാതെ കൊടുത്തിട്ടുള്ള ഭൂമിക്കു നിലവിലിരിക്കുന്ന ഷെഡ്യൂൾറേറുകൾ താഴെ പറയുന്നവയാണു്:

LIBRARY ARCHIVES Kerala Legislative Assembly